**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2220** **06-07-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ താലൂക്ക് ഡിപ്പോകൾ അനുവദിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. വാഴൂർ സോമൻ</td><td colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ നിലവിൽ വന്നശേഷം അന്ത്യോദയ അന്നയോജന കാർഡുകൾ എത്രപേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>17271.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത കാലയളവിൽ എത്ര സഞ്ചരിക്കുന്ന റേഷൻകടകൾ തുടങ്ങിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;</td><td>(ബി)</td><td>ഈ സർക്കാർ നിലവിൽ വന്നശേഷം 60 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>ഊരുകളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>4</td></tr>
<tr><td>പത്തനംതിട്ട</td><td>5</td></tr>
<tr><td>എറണാകുളം</td><td>1 (ഉദ്ഘാടനം കഴിഞ്ഞിട്ടില്ല)</td></tr>
<tr><td>ഇടുക്കി</td><td>16</td></tr>
<tr><td>വയനാട്</td><td>1</td></tr>
<tr><td>കോഴിക്കോട്</td><td>1 (ഉദ്ഘാടനം കഴിഞ്ഞിട്ടില്ല)</td></tr>
<tr><td>മലപ്പുറം</td><td>1</td></tr>
<tr><td>കണ്ണൂർ</td><td>11</td></tr>
<tr><td>പാലക്കാട്</td><td>22</td></tr>
</table></td></tr>
<tr><td>(സി)</td><td>സംസ്ഥാനത്ത് സപ്ലൈകോ താലൂക്ക് ഡിപ്പോകളില്ലാത്ത താലൂക്കുകൾ എത്രയാണ്; ഇവിടങ്ങളിൽ താലൂക്ക് ഡിപ്പോ അനുവദിക്കുവാൻ നടപടി സ്വീകരിക്കാമോ?</td><td>(സി)</td><td>സംസ്ഥാനത്ത് ആകെയുള്ള 78 താലൂക്കുകളിലായി 34 സപ്ലൈകോ ഡിപ്പോകൾ ഓരോ താലൂക്കടിസ്ഥാനത്തിലും ബാക്കി 22 ഡിപ്പോകൾ രണ്ട് താലൂക്കുകൾക്ക് ഒന്ന് എന്ന രീതിയിലും അങ്ങനെ 56 സപ്ലൈകോ ഡിപ്പോകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ചിറ്റൂർ, ഇരിട്ടി, പീരുമേട് എന്നീ 3 താലൂക്കുകളിൽ സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ താലൂക്ക് ഡിപ്പോകൾ ആരംഭിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ